**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 258** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ ജനക്ഷേമ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. ജോയി

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. എം. വിജിൻ

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്ന പ്രധാന ജനക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണനകൾക്ക് അനുസൃതമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദവും ജനകീയവുമാക്കാനുതകുന്ന വിവിധ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. റോഡുകൾ, പാലങ്ങൾ, കുടിവെള്ളം ഉൾപ്പടെയുള്ള പശ്ചാത്തല സൗകര്യവികസനം, ശുചിത്വമാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം, വിനോദസഞ്ചാര വികസനം, തൊഴിൽ സൃഷ്ടി, നൈപുണ്യ വികസനം, സംരംഭകത്വ വികസനം, ആരോഗ്യപരിപാലനം, വയോജനങ്ങളുടെ പരിചരണം, പെയിൻ & പാലിയേറ്റീവ് കെയർ തുടങ്ങിയ മേഖലകളിൽ ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടും.

പ്രാദേശിക സാമ്പത്തിക വികസനം വഴി തൊഴിൽ സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ, സമൂഹത്തിലെ ഏറ്റവും പിന്നാക്ക വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിട്ടുള്ള അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി, സമഗ്രമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള മാലിന്യമുക്ത കേരളത്തിന്റെ ഭാഗമായുള്ള പദ്ധതികൾ, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്നിവയും തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ലൈഫ് മിഷൻ പദ്ധതി വഴി ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത കേരളം എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആണ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു.

ചലന പരിമിതർക്ക് സർക്കാർ സേവനങ്ങൾ വീട്ടുപടിക്കലെത്തിക്കുന്ന വാതിൽപ്പടി സേവനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് പ്രദാനം ചെയ്യുന്നത്. അർഹതപ്പെട്ടവർക്ക് കുറഞ്ഞ

ചെലവിൽ ഭക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള ജനകീയ ഹോട്ടലുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെയാണ് പ്രവർത്തിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള എസ്.സി.പി - ടി.എസ്.പി പദ്ധതികളും, സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും ട്രാൻസ്ജെന്റർ വിഭാഗത്തിന്റെയും വികസന പരിപാടികളും, സാമൂഹിക നീതിയും സാങ്കേതിക മുന്നേറ്റവും കൈവരിക്കുന്ന തരത്തിലുള്ള വിവിധ പദ്ധതികളും സാക്ഷരത പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്.

**(ബി)** ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സാങ്കേതിക, ഭരണപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വാർഷിക പദ്ധതികളുടെ ആസൂത്രണം, പ്രോജക്ട് രൂപീകരണം, നിർവ്വഹണ പുരോഗതി വിലയിരുത്തൽ എന്നിവ പൂർണ്ണമായും സുലേഖ സോഫ്റ്റ്‌വയർ വഴി കൈകാര്യം ചെയ്യുന്നത് പദ്ധതികളുടെ തത്സമയ മോണിറ്ററിംഗ് സാധ്യമാക്കുന്നു.

പൊതുമരാമത്ത്, അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളുടെ നിർവ്വഹണം വേഗത്തിലാക്കാൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും PRICE സോഫ്റ്റ്‌വെയർ നിർബന്ധമാക്കിയിട്ടുണ്ട്. സങ്കീർണ്ണമായ വലിയ പ്രോജക്ടുകളുടെ വിശദമായ രൂപരേഖ തയ്യാറാക്കാനും നിർവ്വഹണത്തിനും അക്രഡിറ്റഡ് ഏജൻസികളുടെയും കൺസൾട്ടൻസികളുടെയും സേവനം ഉപയോഗപ്പെടുത്താനും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

പദ്ധതികൾ നിയമപരമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ഭരണസമിതികളെ പ്രാപ്തരാക്കുന്ന തരത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി ഭരണനിർവ്വഹണം, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിൽ വിശദമായ ഇൻഡക്ഷൻ പരിശീലനം കില നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരണം, വാർഷിക പദ്ധതി തയ്യാറാക്കൽ, പ്രോജക്ട് മാനേജ്മെന്റ്, സാമ്പത്തിക മാനേജ്മെന്റ്, ഇ-ഗവേണൻസ്, ടെൻഡർ നടപടിക്രമങ്ങൾ, സാമൂഹിക ഓഡിറ്റ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലന പരിപാടികൾ കില വഴി സംഘടിപ്പിച്ച് വരുന്നു. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലെ നൂതന മാറ്റങ്ങൾ ഉൾക്കൊണ്ട് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാനുതകുന്ന തരത്തിലാണ് ഈ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്.

**(സി)** തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടപ്പിലാക്കിയ ഇ-ഗവേണൻസ് സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവും ജനസൗഹൃദവുമാക്കുക എന്ന ലക്ഷ്യത്തോടെ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. നിലവിൽ കെ-സ്മാർട്ട് പ്ലാറ്റ്ഫോം മുഖേന ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ

എന്നിവിടങ്ങളിലെ സേവനങ്ങളും ഭരണപരമായ പ്രവർത്തനങ്ങളും ഡിജിറ്റൽ സംവിധാനത്തിലൂടെ ലഭ്യമാക്കിവരുന്നു.

9 മൊഡ്യൂളുകളും, 3 മൊബൈൽ ആപ്പുകളും മുഖേന നിലവിൽ 954 ൽ പരം സേവനങ്ങൾ കെ-സ്മാർട്ട് വഴി നൽകിവരുന്നു. കൂടുതൽ മൊഡ്യൂളുകളും, സർവീസുകളും വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ജനന-മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ അനുമതി, വ്യാപാര ലൈസൻസുകൾ, നികുതി സംബന്ധമായ സേവനങ്ങൾ, പരാതി പരിഹാരം, വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണം തുടങ്ങിയ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളുടെ ധനകാര്യ നിർവ്വഹണം, വരുമാന പരിപാലനം, ആസ്തി മാനേജ്മെന്റ്, ഫയൽ നടപടിക്രമങ്ങൾ, റിപ്പോർട്ടിംഗ് സംവിധാനങ്ങൾ എന്നിവയും ക്രമാനുഗതമായി ഡിജിറ്റലൈസ് ചെയ്ത് ഏകീകൃത പ്ലാറ്റ്ഫോമിലേക്ക് സംയോജിപ്പിച്ചുവരുന്നു.

ഇ-ഗവേണൻസ് സംവിധാനങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല, ജില്ലാതല, തദ്ദേശസ്ഥാപന തലങ്ങളിൽ സാങ്കേതിക പിന്തുണാ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഉപയോക്താക്കൾക്കുള്ള പരിശീലനം, സോഫ്റ്റ്‌വെയർ നവീകരണം, സൈബർ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, സേവനങ്ങളുടെ നിരന്തര നിരീക്ഷണം എന്നിവയും നടപ്പിലാക്കിവരുന്നു.

**(ഡി)** മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശസ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും യൂസർ ഫീ ഈടാക്കി ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കിയതു വഴി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുന്നു. ഇവ തരംതിരിച്ച ശേഷം ക്ലീൻ കേരള കമ്പനി പോലെ അംഗീകൃത റിസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറുകയും ചെയ്യുന്നു.

ജൈവമാലിന്യ സംസ്കരണത്തിന് കേരളം പിന്തുടരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി ശക്തിപ്പെടുത്തുന്നതിന് വേണ്ടി ഒട്ടേറെ മാലിന്യ സംസ്കരണ ഉപാധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തൽഫലമായി ഉറവിടത്തിലെ മാലിന്യം തരംതിരിക്കലിൽ 95 ശതമാനത്തിന് മുകളിൽ നേട്ടം കൈവരിക്കാൻ സാധിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഹരിതമിത്രം ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ 1031 തദ്ദേശ സ്ഥാപനങ്ങളിലും 95.5 ലക്ഷം വീടുകളിലും ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നുണ്ട്. വീടുകളിൽ ക്യൂ.ആർ. കോഡ് പതിപ്പിച്ച് ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യം ശേഖരിക്കുന്നത് ഡിജിറ്റലായി ട്രാക്ക് ചെയ്യാനും പരാതികൾ പരിഹരിക്കാനും സാധിക്കുന്നു.

പാഴ് വസ്തു ശേഖരിച്ച് സൂക്ഷിക്കുന്നതിനായി 2411 MCF കളും 21266 മിനി എം.സി.എഫ്.കളും 331 RRF കളും സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു.

ചിക്കൻ മാലിന്യം സംസ്കരിക്കാൻ 84 ടൺ സംസ്കരണശേഷിയുള്ള 34 ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ നിലവിലുണ്ട്. 33 തദ്ദേശ സ്ഥാപനങ്ങളിൽ സാനിറ്ററി മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കി വരുന്നു. നിലവിൽ ആറ് സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ഭൂമി സംബന്ധമായ തടസ്സങ്ങൾ പരിഗണിച്ച് ദ്രവമാലിന്യ സംസ്കരണത്തിന് വികേന്ദ്രീകൃത പരിഹാരമായി 22 MTU യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതു സ്ഥലത്ത് മാലിന്യ ശേഖരണത്തിനായി 26,967 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു.

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികളും സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി പൊതുജനങ്ങൾക്ക് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി സിംഗിൾ വാട്സ്ആപ്പ് നമ്പർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ മാലിന്യ പരിപാലനം ശക്തമായി നടപ്പാക്കാൻ സഹായിക്കുന്ന തരത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളിൽ മാലിന്യസംസ്കരണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ മികച്ച തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക 'ശുചിത്വ കേരളം' ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുപരിപാടികളും മറ്റും ഹരിത ചട്ടം പാലിച്ച് പ്ലാസ്റ്റിക് വിമുക്തമായി നടത്താൻ തദ്ദേശസ്ഥാപനങ്ങൾ കർശന നടപടികൾ സ്വീകരിച്ച് വരുന്നു.

കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ ഭാഗമായി ദേശീയതലത്തിൽ നടത്തി വരുന്ന സ്വച്ഛ് സർവേക്ഷനിൽ 2024-25 വർഷത്തിൽ സംസ്ഥാനത്തിന് മികച്ച മുന്നേറ്റം കൈവരിക്കുവാൻ സാധിച്ചു. മട്ടന്നൂർ മുനിസിപ്പാലിറ്റിക്ക് പ്രോമിസിംഗ് സ്വച്ഛ് ഷെഹർ അവാർഡും ലഭിച്ചു. കൂടാതെ 13 നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ODF സർട്ടിഫിക്കേഷനും, 77 നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ODF+ സർട്ടിഫിക്കേഷനും, 3 നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ODF++ സർട്ടിഫിക്കേഷനും (കൊച്ചി, ഗുരുവായൂർ, കൽപ്പറ്റ), തിരുവനന്തപുരം കോർപ്പറേഷന് വാട്ടർ + സർട്ടിഫിക്കേഷനും ലഭിച്ചു. 86% നഗരസഭകൾക്ക് അടിസ്ഥാന ശുചിത്വ സേവനങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു. സുസ്ഥിരമായ മലിനജല മാനേജ്മെന്റ് മാനദണ്ഡങ്ങൾക്കനുസൃതമായി കൂടുതൽ പുരോഗതി ഇനി കൈവരിക്കേണ്ടതുണ്ട്. ഗാർബേജ് ഫ്രീ സിറ്റീസ് സ്റ്റാർ റേറ്റിംഗുകളിൽ 3 നഗരങ്ങൾക്ക് 3 സ്റ്റാറും, 20 നഗരങ്ങൾക്ക് 1 സ്റ്റാറും നേടാൻ കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**